പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4012 — 16.12.2014-ൽ മറുപടിയ്ക്ക്

# വൈദ്യുത തൂണുകൾ പരസ്യത്തിന് ഉപയോഗിക്കുന്നത് തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. എ. അസീസ് :<br>ശ്രീ. കോവൂർ കുഞ്ഞുമോൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കെ. എസ്. ഇ. ബി. യുടെ വൈദ്യുത തൂണുകളിൽ മറ്റ് കേബിളുകൾ വലിയ്ക്കുന്നതിന് ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് അനുവാദം നൽകിയിട്ടുള്ളത് ; | (എ) നിലവിൽ ടി. വി. കേബിളിന് പുറമേ തിരുവനന്തപുരം (അർബൻ), എറണാകുളം മേഖലകളിൽ റിലയൻസ് ജിയോ ഇൻഫോകോമിനും വൈദ്യുത പോസ്റ്റുകളിൽ കൂടി ഓപ്റ്റിക്കൽ ഫൈബർ വലിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. |
| (ബി) ഇതിനുള്ള മാനദണ്ഡം എന്താണ് ; എത്ര തുകയാണ് ഇതിനായി കെ. എസ്. ഇ. ബി. ഈടാക്കുന്നത് ; | (ബി) 18-10-2002-ലെ B.O (FB)1421/2002 (CP/R&P)/Plg.V/Cable TV/2002) എന്ന ബോർഡ് ഉത്തരവ് പ്രകാരം ടി. വി. കേബിളുകൾ വലിക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. കേബിൾ ടി. വിക്കാർക്കുള്ള വൈദ്യുത പോസ്റ്റ് വാടക 19-09-2014-ലെ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പുതുക്കിയ പോൾ റെൻറ് 01-04-2011 മുതൽ 31-03-2012 വരെ അർബൻ മേഖലയിൽ പോൾ ഒന്നിന് 250 രൂപയും റൂറൽ മേഖലയിൽ 125 രൂപയും തുടർന്നുള്ള ഓരോ സാമ്പത്തിക വർഷവും 5% വർദ്ധനവു വീതവും നിശ്ചയിച്ചിട്ടുണ്ട്. റിലയൻസിനുള്ള വൈദ്യുത പോസ്റ്റ് വാടക നിശ്ചയിക്കുന്നത് സർക്കാരിൻെറ പരിഗണനയിലാണ്. |
| (സി) കെ. എസ്. ഇ. ബി യുടെ വൈദ്യുത തൂണുകളിൽ ആലേഖനം ചെയ്തിട്ടുള്ള തിരിച്ചറിയൽ നമ്പരുകൾ പോലും മറച്ചുകൊണ്ട് പെയിൻറ് ഉപയോഗിച്ച് ചില സംഘടനകളുടെ പരസ്യ പ്രചരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) കെ. എസ്. ഇ. ബി. യുടെ സ്വന്തം വകയായ ഇത്തരം തൂണുകളിൽ പെയിൻറ് ചെയ്ത് പ്രചരണം | (ഡി) കെ. എസ്. ഇ. ബി. ലിമിറ്റഡിൻെറ അറിവോ സമ്മതമോ ഇല്ലാതെ പ്രതിഷ്ഠാപനങ്ങളിൽ കടന്നു കയറുന്നതും പെയിൻറുകൾ ഉപയോഗിച്ച് പോസ്റ്റ് |

നടത്തുന്നവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

നമ്പരുകൾ മറയ്ക്കുന്നതും കുറ്റകരമാകയാൽ ഇത്തരം പ്രവർത്തികൾ ചെയ്യുന്നവരെ ഇതിൽ നിന്നും പിന്തിരിപ്പിക്കുന്നതിനുള്ള ബോധവല്ക്കരണം നടത്തുകയും നിയമനടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു.

(ഇ) തൂണുകളിലെ മറ്റ് പ്രചാരണങ്ങൾ നീക്കം ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ ?

(ഇ) കെ. എസ്. ഇ. ബി. ലിമിറ്റഡിലെ ഉദ്യോഗസ്ഥരുടെ ഒരു ഉന്നത തല കമ്മിറ്റി പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിനുള്ള കർമ്മപദ്ധതിക്ക് രൂപം നൽകുകയും അത് ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന് 28-05-2014-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.